LIBRARY ARCHIVES Kerala Legislative Assembly

മാള നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ

197 (1925) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചുവർഷം പൊതുമരാമത്ത് വകുപ്പുവഴി മാള നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും സംബന്ധിച്ച കണക്ക് വേർതിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാള നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന 33.90 കി.മീ. നീളമുള്ള തൃശ്ശൂർ-കൊടുങ്ങല്ലൂർ റോഡിന്റെ റീ-സർഫസിംഗ് പ്രവൃത്തി കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന് 7.59 കോടി രൂപ ചെലവായി. നിരത്തുകളും പാലങ്ങളും വിഭാഗവും കെട്ടിടവിഭാഗവും നടത്തിയ പ്രവർത്തികളെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) കെട്ടിട വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവർത്തികൾ ഒന്നും ഇല്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെട്ട അന്നമനട-മൂഴിക്കുളം റോഡ് അഭിവൃദ്ധിപ്പെടുത്തലിന് (224 ലക്ഷം) ടെണ്ടർ അംഗീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി ഉടമ്പടി വയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കൊടകര-കൊടുങ്ങല്ലൂർ റോഡിന്റെ (മാള ടൗൺ അഭിവൃത്തിപ്പെടുത്തൽ ഉൾപ്പെടെ) എൽ. എ. ഉൾപ്പെടെയുള്ള പ്രവർത്തിക്ക് (818 ലക്ഷം) സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. അണ്ണല്ലൂർ-പാറക്കൂട്ടം റോഡിൽ പറയംതോട് പാലം നിർമ്മാണം (200 ലക്ഷം) അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പി.എം.ജി ജംഗ്ഷനിലുള്ള സിഗ്നൽ ലൈറ്റ്

198 (1926) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലുള്ള സിഗ്നൽ ലൈറ്റ് കേടായിട്ട് എത്ര നാളായി ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.